Volume- 15
Issue- 30
29 January 2017

എമ്മാവൂസ്

# വചനദൂത്

ദനഹാക്കാലം നാലാം ഞായർ യോഹ 2: 1-11

# യേശു സമൃദ്ധിയുടെ ഉറവിടം

ബ്ര. ജോൺസ് പുത്തൻകളം എംസിബിഎസ്

യേശുവിന്റെ പരസ്യജീവിതകാലത്തിന് ആരംഭം കുറിച്ചുകൊണ്ട് ആദ്യമായി പ്രവർത്തിച്ച അത്ഭുതം കാനായിലെ സംഭവമാണെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ഇതൊരു കഥയോ ഉപമയോ അല്ല, മറിച്ച് നടന്ന ഒരു സംഭവമാണ്. ആയിരം പേരെ വിരുന്നിന് ക്ഷണിച്ചാൽ ആയിരം പേർ കഴിച്ചു എന്നതിലുപരി ആരെങ്കിലും കഴിക്കാതിരുന്നാൽ അതാകും വിവാദമാവുക. ഇവിടെയും സ്ഥിതി അതുതന്നെ. ഏറെ വേദനജനകവും അഭിമാനത്തിന് കേടുപറ്റാൻ സാധ്യതയുമുള്ള ഒരു സംഭവം. എന്തൊക്കെ കാരണങ്ങൾക്കൊണ്ടാവാം വീഞ്ഞു തീർന്നു പോയത്? ഒന്നുകിൽ കണക്കുകൂട്ടലുകൾ തെറ്റിയതാവാം, കൂടുതൽ ആൾക്കാർ വന്നതാവാം, ക്ഷണിക്കപ്പെട്ടവർ കൂടുതൽ കുടിച്ചതാവാം അതും അല്ലെങ്കിൽ വിളമ്പിയവർ ആവശ്യത്തിൽ കൂടുതൽ വിളമ്പിയതാവാം. എന്തായാലും സംഭവിക്കേണ്ടത് സംഭവിച്ചു, വീഞ്ഞു തീർന്നു.



എന്നാൽ ഇവിടെ ഈശോയുടെ രക്ഷാകര സാന്നിധ്യം വെള്ളത്തെ വീഞ്ഞാക്കി മാറ്റി. പ്രത്യേകതകൾ ഒന്നുമില്ല എന്നതാണ് വെള്ളത്തിന്റെ ഗുണം, നിറമില്ല, മണമില്ല, രുചിയില്ല. എന്നാൽ കർത്താവിന്റെ സാന്നിധ്യം പച്ചവെള്ളത്തെ നിറവും മണവും രുചിയും ഉള്ള മേൽത്തരം വീഞ്ഞാക്കി മാറ്റി. ഇവിടെ നാം രണ്ട് കാര്യങ്ങൾ ആഴമായി ചിന്തിക്കേണ്ടതുണ്ട്. ഒന്ന്, ഒരു വാക്കുകൊണ്ട് ഭരണികളിൽ വീഞ്ഞു നിറയ്ക്കാമായിരുന്നിട്ടും യേശു എന്തിന് പരിചാരകരോട് വെള്ളം നിറയ്ക്കാൻ ആവശ്യപ്പെട്ടു. രണ്ടാമതായി ഒഴിഞ്ഞ വീഞ്ഞു പാത്രങ്ങൾ ബാക്കിയിരിക്കെ എന്തിന് കൽഭരണികൾ തിരഞ്ഞെടുത്തു.

ദൈവത്തിന് അസാധ്യമായതൊന്നുമില്ല. യേശുതന്നെ ശിഷ്യന്മാരെ പറഞ്ഞു പഠിപ്പിച്ചു; മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. യേശുവിന് ഒറ്റയ്ക്ക് ചെയ്യാമായിരുന്ന അൽഭുതത്തിൽ അവിടുന്ന് മനപൂർവ്വം മനുഷ്യന് പങ്കുനൽകുന്നു. ദൈവത്തിന്റെ മക്കൾ തങ്ങളുടെ പിതാവായ ദൈവത്തിന്റെ ശക്തി തിരിച്ചറിയുന്നതിനും ആ അറിവിൽ നിന്നുകൊണ്ട് ദൈവവിശ്വാസത്തിലും ദൈവം നൽകുന്ന രക്ഷയിലും പങ്കുകാരാകുന്നതിനുവേണ്ടിയാണത്. പരിചാരകർ കുടങ്ങളിൽ വെള്ളം നിറച്ചപ്പോൾ അവിടെ ഒരു അധ്വാനം ഉണ്ടായിരുന്നു, പങ്കാളിത്തമുണ്ടായിരുന്നു. ലോകരക്ഷകനായ ക്രിസ്തുവിന്റെ ആത്മീയ രഹസ്യങ്ങളിലും പദ്ധതികളിലും പ്രവർത്തികളിലും നമ്മെയും പങ്കുകാരാക്കുന്നു.

അഗസ്തീനോസിന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ് "നിന്നെ കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്നെ രക്ഷിക്കാൻ സാധ്യമല്ല" ഇന്നത്തെ വചനത്തിന്റെ പ്രധാന സന്ദേശം എന്റെ ജീവിതത്തിൽ എന്റെ സഹകരണം യേശുവിനാവശ്യമാണെന്നാണ്. ദൈവം തന്റെ പദ്ധതികളിൽ മനുഷ്യന്റെ സഹകരണവും അധ്വാനവും പ്രതീക്ഷിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. നാം അതിനോടു പ്രത്യുത്തരിച്ചേ മതിയാവൂ. ഭരണികളിൽ വെള്ളം നിറക്കുവിനെന്ന ആഹ്വാനത്തിന് നിറഞ്ഞ മനസോടെ വക്കോളം നിറച്ച പരിചാരകർ കണ്ടത് വക്കോളം നിറയപ്പെട്ട വീഞ്ഞാണ്.

പുതിയ വീഞ്ഞിന് പുതിയ കൽഭരണി

തിരഞ്ഞെടുത്തത് ഏറെക്കുറെ വചനാധിഷ്ഠിതമാണ്. പുതിയ വീഞ്ഞിന് പുതിയ തോൽക്കുടമെന്നാണ് യേശു പഠിപ്പിക്കുന്ന പഴമൊഴി. എന്നാൽ ഇവിടെ കൽഭരണിയാണ്. ഇതിന് രണ്ട് പ്രത്യേകതകളുണ്ട്, ഒന്നാമതായി; അത് യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിന് വെള്ളം നിറയ്ക്കുന്നതാണ്. രണ്ടാമതായി; കൽഭരണികളിൽ പെട്ടെന്ന് മാലിന്യം ഏശില്ല.

യേശുവിന് വേണമെങ്കിൽ പഴയ കൽഭരണികളിൽ വീഞ്ഞു നിറയ്ക്കാമായിരുന്നു. എങ്കിലും അത് ചെയ്തില്ല. കാരണം, യേശുവിന്റെ വീഞ്ഞ് മേൽത്തരം ആണ്. അതായത് ദൈവത്തിന്റെ കൃപകളും അനുഗ്രഹങ്ങളും സ്വീകരിക്കണമെങ്കിൽ പുതിയ ജീവിതാവസ്ഥയിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു. ''നിങ്ങളുടെ പഴയജീവിതരീതിയിൽ നിന്നും രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ, നിങ്ങൾ മനസിന്റെ ചൈതന്യത്തിൽ നവീകരീക്കപ്പെടട്ടെ'' (എഫേ 4:22). എല്ലാവരുടെയും ജീവിതത്തിൽ ഒരു പഴയ മനുഷ്യനുണ്ട്, ശത്രുതയും വഞ്ചനയും നിറഞ്ഞ മനോവികാരങ്ങളാൽ ജീവിതം നയിച്ച നാളുകൾ, അശുദ്ധിക്കും ദുർവൃത്തിക്കുമായി ശരീരത്തെയും മനസ്സിനെയും വിട്ടുകൊടുത്ത അവസരങ്ങൾ. ഇങ്ങനെ പോകുന്നു നമ്മിലെ പഴയ മനുഷ്യൻ. ഇത്തരം വികാര വിചാരങ്ങൾ നിറഞ്ഞ മനസ്സ് പുതിയ വീഞ്ഞിനായ് കാത്തിരിക്കുന്ന പഴയ തോൽക്കുടങ്ങളാണ്. കൃപയും അനുഗ്രഹവുമാകുന്ന പുതിയ വീഞ്ഞ് മാലിന്യം നിറഞ്ഞ, ആത്മാവിന്റെ ബലമില്ലാത്ത തോൽക്കുടങ്ങളിൽ ഒഴിച്ചാൽ ഫലം നഷ്ടം മാത്രമാണ്.

ദൈവത്തിന്റെ അനുഗ്രഹമില്ലാത്ത ജീവിതത്തിന് നിറവില്ല. ദൈവത്തിന് ജീവിതത്തിൽ പ്രവർത്തിക്കാൻ അവസരം കൊടുക്കുക. ക്ഷണിക്കപ്പെടാത്തവർ കടന്നുവരുമ്പോൾ വീഞ്ഞു തീർന്നു പോയപോലെ നാം ആഗ്രഹിക്കാത്ത വിധം പ്രശ്നങ്ങളും ദുഖങ്ങളും കടന്നു വരുമ്പോൾ ചഞ്ചലചിത്തരാകാതെ ക്രിസ്തുവിന് ജീവിതത്തിൽ അവസരം കൊടുക്കുക. ദൈവീക കൃപയാകുന്ന പുതുവീഞ്ഞ് ഉൾക്കൊള്ളാൻ പ്രാപ്തമാവുന്ന പുതിയ തോൽക്കുടങ്ങളായി നമുക്കു മാറാം.